# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## തീവ്രവാദ പ്രവർത്തനങ്ങൾ

3413 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ ഇതുവരെ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന വിവരം സംസ്ഥാന സർക്കാരിനെ കേന്ദ്ര സർക്കാരോ മറ്റേതെങ്കിലും സർക്കാർ ഏജൻസികളോ അറിയിച്ചിരുന്നോ;

(സി) തീവ്രവാദ പ്രവർത്തനങ്ങൾ കണ്ടെത്താൻ പുതുതായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മാവോയിസ്റ്റുകളുടെ പ്രവർത്തനം</u>

3414 ശ്രീ. കെ.എൻ.എ. ഖാദർ
,, പി.കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമീപ സംസ്ഥാനങ്ങളിൽ സജീവമായ മാവോയിസ്റ്റുകളുടെ പ്രവർത്തനം സംസ്ഥാനാതിർത്തിക്കുള്ളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ശ്രമം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭീഷണിയെ ഏതുവിധത്തിൽ നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സാമാന്യ ജീവിതസാഹചര്യങ്ങളും സാമൂഹ്യനീതിയും ലഭ്യമാകാത്ത മേഖലകളിലെ ജനങ്ങളും ചൂഷണ വിധേയരാകുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളും മാവോയിസ്റ്റ് പ്രവർത്തകരുടെയും സമാന സംഘടനകളുടെയും കപട വാഗ്ദാനങ്ങളിൽ കുടുങ്ങി, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ ശരിയായവിധം ഈ മേഖലകളിൽ നടക്കാത്തതുമൂലം നിയമവിരുദ്ധ മനോഭാവം ഇവർക്കിടയിൽ വളരാൻ കാരണമാകുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ക്ഷേമ പ്രവർത്തനങ്ങൾ സന്തുലിതമായവിധം എല്ലാ പ്രദേശങ്ങളിലും ഫലപ്രദമായി നടപ്പാക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി നിലവിലെ സാഹചര്യം മാറ്റിയെടുക്കാൻ മറ്റുവകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വയനാട്ടിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം</u>

3415 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ മാവോയിസ്റ്റുകൾ സജീവമാണെന്നും കേരള -കർണ്ണാടക അതിർത്തിയിൽ സ്വാധീനം ഉറപ്പിക്കാൻ മാവോയിസ്റ്റുകൾ ശ്രമിക്കുന്നതായുമുള്ള കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പാർലമെന്റിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഇതേത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

**വ്യത്യസ്ത മതത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് പൊതുസ്ഥലത്ത് സംസാരിക്കുന്നതിന് വിലക്ക്**

**3416** **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത മതത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് പൊതു സ്ഥലത്ത് പരസ്യമായി സംസാരിച്ചുകൂട എന്ന വിലക്ക്, സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും എൻ.ഡി.എഫ്.ന്റെയും പ്രവർത്തകർ നടപ്പാക്കിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിലക്ക് മാനിക്കാതെ വന്നതിനെ തുടർന്നുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ആർക്കെല്ലാം എന്തിനു എതിരെ കേസ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ജനമൈത്രീ പദ്ധതി വകയിരുത്തിയ തുക**

3417 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രീ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനായി ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; പ്രസ്തുത തുക പര്യാപ്തമാണോ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസ് നവീകരണ പ്രവർത്തനങ്ങൾ - ചെലവഴിച്ച തുക**

3418 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പോലീസിനെ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ ആകെ എന്ത് തുക ചെലവഴിച്ചു എന്നും അതിൽ വൈക്കം നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾക്കും, സർക്കിളുകൾക്കും ലഭ്യമാക്കിയ സൗകര്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലോ തടയുന്നതിലോ പുരോഗതിയുണ്ടായിട്ടുള്ളതായി അനുഭവപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസിന്റെ നവീകരണത്തിൽ ജനമൈത്രീ സ്റ്റേഷനുകൾക്ക് പ്രത്യേക പരിഗണന എന്തെങ്കിലും നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിൽ നിന്നും സ്ഫോടക വസ്തുക്കൾ**

**3419 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരന്റെ വധത്തിന് ശേഷം കണ്ണൂർ ജില്ലയിൽ നിന്നും സ്ഫോടക വസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് സ്ഫോടക വസ്തുക്കൾ പിടികൂടിയത്;

(സി) ഇതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; വ്യക്തമാക്കുമോ;

(ഡി) സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള റെയ്ഡുകൾ തുടരുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

വ്യാജമുദ്രപത്ര നിർമ്മാണം ആവർത്തിക്കാതിരിക്കാൻ നടപടി

3420 ശ്രീ. എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ വ്യാജമുദ്രപത്ര നിർമ്മാണം സംബന്ധിച്ച കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർ അറസ്റ്റിലായിട്ടുണ്ട് ;

(സി) അന്വേഷണം മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കാര്യക്ഷമമായ ട്രാഫിക് വിഭാഗം</u>**

**3421** **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, കെ. ശിവദാസൻ നായർ**
**,, ഹൈബി ഈഡൻ**
**കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ട്രാഫിക്ക് വിഭാഗത്തെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(ബി) **ഈ രംഗത്ത് മികച്ച സേവനം നടത്തുന്ന പോലീസുകാർക്ക് അവാർഡ് ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;**

(സി) **ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>റോഡ് നിയമങ്ങൾ</u>

3422 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

റോഡ് നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കായംകുളം പട്ടണത്തിലെ ഗതാഗതകുരുക്ക്</u>**

3423 **ശ്രീ. സി. കെ. സദാശിവന്‍**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

കായംകുളം പട്ടണത്തിലെ വര്‍ദ്ധിച്ചുവരുന്ന ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ സിൽക്കിന് നൽകണമെന്ന ഉത്തരവ്**

**3424 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പല കേസുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കണ്ട്കെട്ടിയതും പിടിച്ചിട്ടിരിക്കുന്നതുമായ വാഹനങ്ങൾ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡി (സിൽക്ക്) ന് നൽകണമെന്ന ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് മറികടന്ന് പല പോലീസ് സ്റ്റേഷനുകളിലും പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ഉടൻ ലേലം ചെയ്യുന്നതിനുള്ള അറിയിപ്പ് വന്നതായുള്ള വാർത്തയെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**കായംകുളത്തെ സദാചാര പോലീസ് അക്രമം**

T3425 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൃദയസംബന്ധമായ അസുഖത്തെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുള്ള യുവാവിനെ കായംകുളത്ത് സദാചാര പോലീസ് ചമഞ്ഞ് ക്രൂരമായി മർദ്ദിക്കുകയും പ്രസ്തുത ദൃശ്യങ്ങൾ എം. എം. എസ്. വഴി പ്രചരിപ്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മർദ്ദനമേറ്റ പ്രസ്തുത യുവാവിന്റെ തുടർ ചികിത്സാ ചെലവുകൾ സർക്കാർ വഹിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കായംകുളത്തെ സദാചാര പോലീസിന്റെ അക്രമ സംഭവം</u>**

**3426**

**ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് ചമഞ്ഞ് നൂറനാട് പണയിൽ നസ്രത്ത് ഭവനിൽ വിജിത്ത് വിൻസന്റിനെ കായംകുളത്ത് വച്ച് മർദ്ദിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) പ്രതികൾക്ക് തീവ്രവാദ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിലെ ആക്രമണത്തിനിരയായ വ്യക്തി രോഗിയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹൃദ്രോഗിയായ വിജിത്തിന്റെ ചികിത്സയ്ക്ക് ആവശ്യമായ തുക സർക്കാർ അനുവദിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കണ്ണൂർ ജില്ലയിലെ സദാചാരപോലിസ് അക്രമം</u>**

3427 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിനും, എൻ.ഡി.എഫിനും സ്വാധീനമുള്ള ചില മേഖലകളിൽ സദാചാര പോലീസിന്റെ അതിക്രമങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സദാചാര പോലീസ് നടത്തിയ നിയമവിരുദ്ധ നടപടിക്കെതിരെ കണ്ണൂർ ജില്ലയിൽ ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; കേസിലെ പ്രതികൾ ആരെല്ലാം ; എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; ഇനിയും അറസ്റ്റ് ചെയ്യാനുള്ളത് ആരെയെല്ലാം ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>അരീക്കോട് ഇരട്ടക്കൊലക്കേസ്</u>**

**3428 ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരീക്കോട് ഇരട്ടക്കൊലക്കേസ്സിന്റെ അനേ ്വഷണ സംഘത്തില്‍ ഉള്ളവര്‍ ആരെല്ലാമാണ്; പേര് വിവരങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) ഇതിനകം എത്ര പേരെ പോലീസ് കസ്റ്റഡിയില്‍ എടുത്തു;

(സി) മുഖ്യമന്ത്രിയും, ആഭ്യന്തര മന്ത്രിയും കൊലചെയ്യപ്പെട്ടവരുടെ വീടുകള്‍ സന്ദര്‍ശിക്കുകയുണ്ടായോ; കേന്ദ്ര ആഭ്യന്തര സഹമന്ത്രി സന്ദര്‍ശിച്ചതായി അറിയാമോ;:

(ഡി) ജില്ലയില്‍ നിന്നുള്ള ഏതെല്ലാം മന്ത്രിമാര്‍ കൊലചെയ്യപ്പെട്ടവരുടെ വീടുകള്‍ സന്ദര്‍ശിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അരിക്കോട് ഇരട്ടക്കൊലകേസ് - എഫ്. ഐ. ആർ.**

**3429 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ഇരട്ടക്കൊലകേസിൽ പോലീസ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ടിൽ സമർപ്പിച്ചിരിക്കുന്ന എഫ്. ഐ. ആറിലെ പ്രതികൾ ആരൊക്കെയാണ്;

(ബി) പ്രതികളിൽ ആരെയൊക്കെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; അവശേഷിക്കുന്നവർ ആരൊക്കെയാണ്;

(സി) എഫ്. ഐ. ആറിലെ ഏതെങ്കിലും പ്രതിക്ക് പോലീസ് സംരക്ഷണം നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്ക്; പോലീസ് സംരക്ഷണം നല്കിയ സാഹചര്യം എന്തായിരുന്നു;

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**തളിപ്പറമ്പ് അരിയിൽ വള്ളേരി മോഹനൻ വധശ്രമം**

**3430 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് അരിയിൽ വള്ളേരി മോഹനൻ എന്നയാളെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രവർത്തകർ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസിലെ പ്രതികൾ ആരൊക്കെയാണ് ; എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിരിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) വധശ്രമം നടത്തിയ എല്ലാവരേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കാൻ നടപടി സ്വീകരിക്കാത്തത് എന്ത് കൊണ്ടാണ് ;

(സി) ഈ കേസിന്റെ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണ് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കൊച്ചനിയന്റെ കൊലപാതകക്കേസ്</u>

3431 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ എസ്.എഫ്.ഐ. നേതാവായിരുന്ന കൊച്ചനിയന്റെ കൊലപാതകക്കേസ് പുനരന്വേഷിക്കണമെന്ന് അദ്ദേഹത്തിന്റെ മാതാവ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം ആവശ്യപ്പെടുവാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) കൊച്ചനിയന്റെ യഥാർത്ഥ ഘാതകരെ സംരക്ഷിക്കുകയായിരുന്നുവെന്ന് അന്ന് പ്രതികളാക്കപ്പെട്ടവർ വെളിപ്പെടുത്തിയ സാഹചര്യത്തിൽ ഈ കേസ് പുനരന്വേഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>അനീഷ് രാജിന്റെ കൊലപാതകം</u>

3432

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഇടുക്കിയിലെ അനീഷ് രാജിനെ കൊലപ്പെടുത്തിയ കേസിൽ എത്ര പ്രതികളെ തിരിച്ചറിഞ്ഞു; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**മെട്ടമ്മലിലെ റജിലേഷിന്റെ മരണം**

**3433 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കാസര്‍ഗോഡ് ജില്ലയില്‍ വിവിധ ഭാഗങ്ങളില്‍ ഉണ്ടായ വര്‍ഗ്ഗീയ സംഘര്‍ഷങ്ങള്‍ അമര്‍ച്ച ചെയ്യാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) തൃക്കരിപ്പൂര്‍ മെട്ടമ്മലിലെ റജിലേഷിന്റെ മരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്രപേരെയാണ് അറസ്റ്റ് ചെയ്തതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>നാല്പാടി വാസുവിന്റെ കൊലപാതകം</u>

3434

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കർഷകത്തൊഴിലാളി പ്രവർത്തകനായ നാല്പാടി വാസുവിനെ വെടിവെച്ച് കൊന്ന കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു; പ്രതികളും കോൺഗ്രസ് (ഐ)യും തമ്മിലുള്ള ബന്ധം എന്തായിരുന്നു;

(ബി) നാല്പാടി വാസു കൊലക്കേസ്സിന്റെ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഷൂക്കൂര്‍ വധക്കേസ് - എഫ്. ഐ. ആറും പ്രോസിക്യൂട്ടറും**

**3435 ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ പട്ടുവത്തെ ഷുക്കൂര്‍ വധക്കേസിന്റെ ഫസ്റ്റ് ഇന്‍ഫര്‍മേഷന്‍ റിപ്പോര്‍ട്ടില്‍ മാറ്റം വരുത്താനിടയായ സാഹചര്യം എന്തായിരുന്നു; മാറ്റം എന്തായിരുന്നു ; എഫ്.ഐ.ആര്‍ - കളുടെ പകര്‍പ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) ഷൂക്കൂര്‍ വധക്കേസിലെ പ്രോസിക്യൂട്ടര്‍ ആരായിരുന്നു; അദ്ദേഹത്തെ മാറ്റുകയുണ്ടായോ; പിന്നീട് നിയോഗിക്കപ്പെട്ട പ്രോസിക്യൂട്ടര്‍ ആരാണ് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ബാലകൃഷ്ണന്റെ കൊലപാതകം**

3436 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2001-ൽ കാസർഗോഡ് ജില്ലയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ബാലകൃഷ്ണൻ കൊലചെയ്യപ്പെട്ട സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ ;

(ബി) ഈ കേസ് നിലവിൽ ആരാണ് അന്വേഷിക്കുന്നത് ;

(സി) കൊലപാതകത്തിനിടയാക്കിയ സംഭവം എന്താണെന്നാണ് അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത് ;

(ഡി) കേസിലെ പ്രതികൾ ആരൊക്കെയാണ് ; പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇനി ആരെയാണ് പിടികിട്ടാനുള്ളത് ;

(ഇ) ജില്ലയിലെ മുസ്ലീം ലീഗിലെ പ്രമുഖർക്ക് ഈ സംഭവത്തിൽ പങ്കുള്ളതായി കൊല ചെയ്യപ്പെട്ട ബാലകൃഷ്ണന്റെ പിതാവ് പറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആയത് കൂടി പരിഗണിച്ച് കേസ് പുനരന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കൂനിയിലെ ഇരട്ടക്കൊലപാതകം</u>**

3437 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂനിയിൽ ഇരട്ടക്കൊലപാതക കേസിൽ പ്രതിയായ ഭരണകക്ഷി എം. എൽ.എ.യെ അറസ്റ്റു ചെയ്യരുതെന്ന മുസ്ലീം ലീഗിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത 6-ാം പ്രതിയെ അറസ്റ്റ് ചെയ്യാത്തതെന്തുകൊണ്ടാണ് ; വിശദീകരിക്കാമോ ;

(സി) പ്രസ്തുത കേസിൽ എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിക്കുന്നതിന് മുമ്പ് സ്റ്റേഷൻ ഹൗസ് ഓഫീസർ മേൽ ഉദ്യോഗസ്ഥരുടെ അഭിപ്രായമാരാഞ്ഞിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**മലപ്പുറം കൂനിയിൽ നടന്ന ഇരട്ടക്കൊലപാതകം**

**3438 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂനിയിൽ നടന്ന ഇരട്ട കൊലപാതകത്തിൽ ആരെയൊക്കെ പ്രതിചേർത്താണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കേസിൽ ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തെന്ന് വെളിപ്പെടുത്താമോ;

(സി) കേസിൽ എത്രപേരെ ചോദ്യം ചെയ്തെന്നും ആരെയൊക്കെയാണ് ചോദ്യം ചെയ്തെന്നും അറിയിക്കുമോ ;

(ഡി) എഫ്.ഐ.ആറിൽ ഉൾപ്പെടുന്ന ആരെയെല്ലാം ഇതിനകം ചോദ്യം ചെയ്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ചിറക്കര മാധവൻകുട്ടിയുടെ തിരോധാനം</u>

3439 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഥകളി നടൻ ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിൽ എന്നാണ് കേസ് രജിസ്റ്റർ ചെയ്തത് ;

(ബി) പ്രസ്തുത കേസ് അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ചിനെ നിയോഗിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും അന്വേഷണത്തിൽ പുരോഗതിയില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കേസിൽ നാളിതുവരെ കൈക്കൊണ്ട നടപടികളും കേസന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ബാലാരാമപുരത്തെ അനിതയുടെ ആത്മഹത്യ**

**3440 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്തെ വാമനിവാസിൽ, വിമലാക്ഷന്റെ ഭാര്യ അനിതയുടെ ആത്മഹത്യ സംബന്ധിച്ച് ക്രൈംബ്രാഞ്ച് C.No.525/2004 നമ്പരായി നടന്നു വരുന്ന അന്വേഷണം പൂർത്തിയായയോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് താലൂക്കിലെ അക്രമ സംഭവങ്ങൾ</u>

3441 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമ സംഭവങ്ങൾ തടയുന്നതിനും അവ ആവർത്തിക്കാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ജില്ലയിലെ പോലീസ് വാഹനങ്ങളുടെയും സേനാംഗങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും എന്തെങ്കിലും പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>പി. ജയരാജൻ, റ്റി. വി. രാജേഷ്, എം. എൽ. എ എന്നിവർക്കു നേരെയുണ്ടായ വധശ്രമം</u>**

3442 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ എം.എൽ.എ പി. ജയരാജനെയും റ്റി. വി. രാജേഷ് എം. എൽ.എ യേയും വധിക്കാൻ ശ്രമിച്ച സംഭവം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിന്റെ നമ്പർ, കേസിലെ പ്രതികൾ, ചുമത്തപ്പെട്ട കുറ്റങ്ങൾ, വകുപ്പുകൾ എന്നിവ വിശദമാക്കുമോ;

(സി) പ്രതികളിൽ എത്രപേരെ ഇതിനകം അറസ്റ്റു ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ ആരൊക്കെ; ഏതെങ്കിലും പ്രതികൾ സ്ഥലം വിട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പട്ടുവത്ത് നടന്ന ആക്രമണ സംഭവങ്ങൾ

3443 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം അരിയിൽ പ്രദേശത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗുകാർ നടത്തിയ വിവിധ ആക്രമണ സംഭവങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ ഏതൊക്കെയാണ് ; ഏതെല്ലാം തീയതികളിൽ ഏതെല്ലാം ക്രൈം നമ്പരുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്ത കേസുകളുടെ നമ്പർ വ്യക്തമാക്കുമോ ; പ്രതികൾ ആരെല്ലാമാണ് ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത കേസുകളിൽ ഓരോന്നിനും പ്രതികളായിട്ടുള്ളവരിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ ആരൊക്കെയാണ് എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>സൈബർ കേസുകൾ</u>**

**3444 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

(ബി) **ആയതിൽ പ്രതികളെ പിടികൂടാത്ത കേസുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

പിൻവലിച്ച കേസ്സുകളുടെ വിശദാംശം

3445 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പിൻവലിച്ച ഓരോ കേസ്സും ഏതു ജില്ലയിലെ ഏതു പോലീസ് സ്റ്റേഷനിലാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സിലും ഉൾപ്പെട്ടിരുന്ന പ്രതികളുടെ പേരുവിവരങ്ങളും ഓരോ കേസ്സും ഏതു കുറ്റകൃത്യം നടത്തിയതുമായി ബന്ധപ്പെട്ടാണു രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്യപ്പെട്ട കവർച്ചാകേസുകൾ</u>

3446 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്റ്റർ ചെയ്ത കവർച്ചാകേസുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഭവനഭേദനം/പിടിച്ചുപറി കേസുകൾ**

**3447** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഭവനഭേദനങ്ങൾ പകൽ സമയത്ത് നടന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഉണ്ടായ പിടിച്ചു പറി സംഭവങ്ങളിൽ എത്രയെണ്ണം പൊതുവഴിയിൽ വച്ചുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ബാങ്ക് കവർച്ചകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്രമണ കേസുകൾ</u>

**3448 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കൊല്ലപ്പെട്ടവരുടെ പേരുവിവരവും സ്ഥലവും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേസുകളിൽ ഓരോന്നിലും എത്രപേരെ അറസ്റ്റ് ചെയ്തെന്നും എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പാര്‍ട്ടിപ്രവര്‍ത്തകരും നേതാക്കളും പ്രതികളായ കേസുകള്‍**

**3449 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം രാഷ്ട്രീയ പാര്‍ട്ടി പ്രവര്‍ത്തകരും നേതാക്കളും പ്രതികളായ എത്ര കേസ്സുകള്‍ പിന്‍വലിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പ് കേസുകൾ</u>

3450 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക തട്ടിപ്പ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ കേസിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കേരളത്തിലെ എത്ര ജനങ്ങൾ ഈ സാമ്പത്തിക തട്ടിപ്പുകളിൽ ഇരയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനകം എത്ര രൂപയുടെ സാമ്പത്തിക തട്ടിപ്പുകളാണ് നടന്നിട്ടുള്ളത് ;

(ഇ) ഓരോ സാമ്പത്തിക തട്ടിപ്പുകേസിലും എത്ര പ്രതികളെ വീതം അറസ്റ്റ്ചെയ്തെന്നും, എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ക്വട്ടേഷന്‍ സംഘങ്ങളുടെ ആക്രമണം</u>**

3451 **ശ്രീ. ജോസഫ് വാഴക്കന്‍**
**,, ഷാഫി പറമ്പില്‍**
**,, വര്‍ക്കല കഹാര്‍**
**,, റ്റി. എന്‍. പ്രതാപന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ക്വട്ടേഷന്‍ സംഘങ്ങളുടെ ആക്രമണം വര്‍ദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതിനു വേണ്ടി ഗുണ്ടാ നിയമം കാര്യക്ഷമമാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ക്വട്ടേഷന്‍ സംഘം ആക്രമണ കേസുകള്‍</u>

3452 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ക്വട്ടേഷന്‍ സംഘം നടത്തിയ എത്ര ആക്രമണ കേസുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കേസുകളില്‍ എത്ര പേര്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കൊല്ലപ്പെട്ടവരുടെ പേര് വിവരവും സ്ഥലവും വെളിപ്പെടുത്താമോ;

(ഡി) ഈ ക്വട്ടേഷന്‍ ആക്രമണ കേസുകളില്‍ പ്രതിയായ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികള്‍ അറസ്റ്റ് ചെയ്യപ്പെടാന്‍ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്

3453

ശ്രീ. വി ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ജാതിപ്പേര് പറഞ്ഞ് ആക്ഷേപിച്ചതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷത്തിനുളളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുകളിലെ പ്രതികൾക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ പോലീസ് സ്റ്റേഷനിൽ 74/12 നമ്പരായും പാറശാല പോലീസ് സ്റ്റേഷനിൽ 264/12 നമ്പരായും രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികൾ ആരെല്ലാമെന്നും അവരുടെ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിനുളള കാരണം വിശദീകരിക്കാമോ;

(ഡി) പ്രസ്തുത കേസിൽ നടപടി സ്വീകരിച്ചില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ</u>**

**3454 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വർദ്ധിച്ച തോതിൽ തൊഴിലാളികൾ കേരളത്തിൽ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനതൊഴിലാളികൾ സംസ്ഥാനത്ത് നടത്തുന്ന മോഷണം, കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ</u>

3455 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന മന്ത്രിമാരും എം.എൽ.എ.മാരും പ്രതിചേർക്കപ്പെട്ടിരുന്ന എത്ര കേസുകൾ പിൻവലിച്ചു എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കടല്‍മാര്‍ഗ്ഗം സ്പിരിറ്റ് കടത്തും മനുഷ്യക്കടത്തും**

**3456 ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളില്‍ കടല്‍മാര്‍ഗ്ഗം വ്യാപകമായി സ്പിരിറ്റ് കടത്തും മനുഷ്യക്കടത്തും നടക്കുന്നുവെന്ന വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ദൃശ്യമാധ്യമ പ്രവർത്തകർ ജയിലുകളിൽ പ്രവേശിച്ചത് സംബന്ധിച്ച്**

**3457 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര മന്ത്രി സംസ്ഥാനത്തെ ജയിലുകൾ സന്ദർശിക്കുമ്പോൾ പത്ര-ദൃശ്യമാധ്യമ പ്രവർത്തകരെ ഒപ്പം കൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജയിലുകൾ പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിക്കപ്പെട്ട നിയമം നിലനിൽക്കെ ജയിൽ നിയമവും, ചട്ടവും ലംഘിച്ച് ദൃശ്യമാധ്യമ പ്രവർത്തകരെ മന്ത്രിക്കൊപ്പം ജയിലിൽ പ്രവേശിപ്പിച്ചത് വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരന്‍ വധം-രജിസ്റ്റര്‍ ചെയ്ത കേസുകള്‍</u>

3458 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ടി. പി. ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെയാണ് കേസുകള്‍ എന്നും ആരെയൊക്കെയാണ് പ്രതിചേര്‍ത്തിരിക്കുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധം-ആഭ്യന്തരവകുപ്പുമന്ത്രിയുമായി ചർച്ച</u>

3459 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് 2012 മെയ് 5 ന് കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അന്വേഷണ ഉദ്യോഗസ്ഥരുമായി ആഭ്യന്തര വകുപ്പുമന്ത്രി ചർച്ച നടത്തുകയുണ്ടായോ;

(ബി) അന്നേ ദിവസം ആഭ്യന്തര വകുപ്പുമന്ത്രി ഗസ്റ്റ് ഹൗസിൽ ഏതെല്ലാം ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി; മന്ത്രിയെ സന്ദർശിച്ച പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരുകൾ വെളിപ്പെടുത്താമോ;

(സി) ഏതെങ്കിലും എം. എൽ. എ അന്നേ ദിവസം ഗസ്റ്റ് ഹൗസിൽ ആഭ്യന്തര വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരന് പോലീസ് സംരക്ഷണം

3460 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ ജീവന് ഭീഷണി ഉണ്ടെന്ന് പോലീസിന് വിവരം ലഭിച്ചത് എപ്പോഴാണ്; എവിടെനിന്ന് വിവരം ലഭിച്ചു; ചന്ദ്രശേഖരൻ ഇക്കാര്യത്തിൽ കത്ത് നല്കുകയുണ്ടായോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ചന്ദ്രശേഖരന് പോലീസ് സംരക്ഷണം നല്കാൻ തീരുമാനിച്ചിട്ടും അദ്ദേഹത്തിന്റെ വിസമ്മതംമൂലം അത് നല്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചത് എപ്പോഴായിരുന്നു; പ്രസ്തുത വിവരം അദ്ദേഹത്തെ ആര് എപ്പോൾ അറിയിച്ചു; അദ്ദേഹത്തിന് നല്കിയ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പോലീസ് സംരക്ഷണത്തിന് ചന്ദ്രശേഖരൻ വിസമ്മതം അറിയിക്കുകയുണ്ടായോ; എങ്കിൽ ആരെ എപ്പോൾ അറിയിച്ചു എന്ന് വ്യക്തമാക്കാമോ; വിസമ്മതം അറിയിച്ചുകൊണ്ടുള്ള രേഖയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധത്തെത്തുടർന്നുള്ള സംഘർഷാവസ്ഥ

3461 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധത്തെത്തുടർന്ന് സംഘർഷാവസ്ഥയുണ്ടെന്നുളള പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് പരിഗണിച്ചാണ് ഒഞ്ചിയം മേഖലയിൽ നിരോധനഉത്തരവ് പുറപ്പെടുവിച്ചതെന്ന വാർത്ത ശരിയാണോ ;

(ബി) നിരോധനാജ്ഞയ്ക്കുശേഷവും പ്രസ്തുത മേഖലയിൽ വ്യാപകമായി ആക്രമണ സംഭവങ്ങളുണ്ടായി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(സി) സ്ഥലത്തെ സംഘർഷാവസ്ഥ പരിഹരിക്കുന്നതിന് സമാധാനയോഗം വിളിച്ചുചേർത്തില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ടി. പി. വധം കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പ്രസ്താവന**

**3462 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ടി. പി. ചന്ദ്രശേഖരൻ വധത്തെത്തുടർന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ സംഭവവുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഒഞ്ചിയത്തെ ആക്രമണം**

**3463 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

ടി.പി. ചന്ദ്രശേഖരന്‍ വധത്തെതുടര്‍ന്ന് ഒഞ്ചിയത്തും സമീപപ്രദേശങ്ങളിലും ഉണ്ടായ ആക്രമണങ്ങളില്‍ വീടും വസ്തുക്കളും തകര്‍ന്നവര്‍ക്ക് നഷ്ടപരിഹാരം നല്‍കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ടി.പി. ചന്ദ്രശേഖരൻ വധം മാധ്യമങ്ങളുടെ നിയമവിരുദ്ധ റിപ്പോർട്ടിംഗ്</u>

3464 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്വേഷണത്തിലിരിക്കുന്ന കേസ്സുകളിൽ ശേഖരിക്കുന്ന മൊഴികളും വിവരങ്ങളും മാധ്യമങ്ങൾക്ക് നൽകുന്നതിനെതിരെ സുപ്രീംകോടതിയും, ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) തെറ്റായ റിപ്പോർട്ടുകൾ പോലീസിനെ ഉദ്ധരിച്ചുകൊണ്ട് മാധ്യമങ്ങളിൽ വരുന്നത്, സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണത്തിന് ദോഷകരമായി വരുമെന്നകാര്യം അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ

# 25.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധം - മൊഴികൾ</u>

3465 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധകേസ്സിൽ അന്വേഷണ സംഘം അന്വേഷണത്തിന്റെ ഭാഗമായി എത്ര പേരിൽ നിന്നും മൊഴികൾ എടുക്കുകയുണ്ടായി; കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യപ്പെട്ടവരെത്ര;

(ബി) മൊഴികളും ചോദ്യം ചെയ്യലിന്റെ ഭാഗമായി ലഭിച്ച വിവരങ്ങളും ബന്ധപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇനിയും കോടതിയിൽ സമർപ്പിക്കാത്ത മൊഴികളും ചോദ്യം ചെയ്യലുകളിൽ ലഭിച്ച വിവരങ്ങളും ആരുടേതൊക്കെയാണ്; ആയത് കോടതിയിൽ യഥാസമയത്ത് സമർപ്പിക്കാത്തത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരന്‍ വധം - പ്രതികളും കുറ്റപത്രവും</u>

3466 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ടി. പി. ചന്ദ്രശേഖരന്‍ വധവുമായി ബന്ധപ്പെട്ട് അറസ്റ്റു ചെയ്ത എത്ര പേരെ ചോദ്യം ചെയ്തു; കുറ്റപത്രം കോടതിയില്‍ സമര്‍പ്പിച്ചിട്ടുണ്ടോ;

(എ) ചന്ദ്രശേഖരനെ വധിക്കാനെത്തിയവര്‍ സഞ്ചരിച്ച വാഹനത്തിന്റെ രജിസ്റ്റേര്‍ഡ് ഉടമസ്ഥന്‍ ആരായിരുന്നു; ഇദ്ദേഹത്തെ പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ; ഇദ്ദേഹത്തിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട്</u>

3467 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് 5-ാം തീയതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് ടി. പി. ചന്ദ്രശേഖരന്റെ പോസ്റ്റുമോർട്ടം നടക്കുകയുണ്ടായോ;

(ബി) അന്നേ ദിവസം ആഭ്യന്തര വകുപ്പുമന്ത്രി പോസ്റ്റുമോർട്ടം റിപ്പോർട്ട് തയ്യാറാക്കിയ മെഡിക്കൽ കോളേജ് സന്ദർശിച്ചിരുന്നുവോ;

(സി) ടി. പി. ചന്ദ്രശേഖരന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് തയ്യാറാക്കിയത് ആരൊക്കെയായിരുന്നു?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ അറസ്റ്റ് ചെയ്തശേഷം വിട്ടയച്ചവർ</u>**

**3468 ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്തശേഷം വിട്ടയച്ചവർ ആരൊക്കെയാണെന്നും ഇപ്പോൾ കസ്റ്റഡിയിലുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഒഞ്ചിയത്തെ ആക്രമണസംഭവങ്ങൾ മൂലം നാശനഷ്ടങ്ങൾ**

**3469** **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചന്ദ്രശേഖരൻ വധത്തെതുടർന്ന് ഒഞ്ചിയത്തുണ്ടായ ആക്രമണസംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ അന്വേഷണം ഏതുവരെയായി; പ്രതികളെ പിടികൂടിയോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>അരിയിൽ അക്രമസംഭവങ്ങളെ തുടർന്ന്</u>**
**<u>വീടുവിട്ടുപോയവർ</u>**

3470 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് അരിയിൽ പ്രദേശത്ത് ഉണ്ടായ ആക്രമണ സംഭവങ്ങളെ തുടർന്ന് പ്രസ്തുത പ്രദേശത്ത് നിന്നും എത്ര കുടുംബങ്ങൾ വീട് വിട്ടുപോയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വീട് വിട്ട് പോയവർ ആരൊക്കെയാണെന്നും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും അവരെ വീടുകളിലേക്ക് തിരികെ കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ശ്രീ. പി. പി. രാമകൃഷ്ണന്റെ വീട്ടിലെ പോലീസ് അതിക്രമം</u>

3471 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് 31 ന് സി.പി.ഐ (എം) ഏരിയാ കമ്മിറ്റി അംഗവും മാഹി സ്വദേശിയുമായ പി.പി. രാമകൃഷ്ണന്റെ വീട്ടിൽ പോലീസ് അതിക്രമിച്ച് കയറി വീട്ടുസാധനങ്ങളും മറ്റും നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്വേഷണങ്ങളുടെ ഭാഗമായി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതെ ഇത്തരത്തിൽ പ്രവർത്തിക്കുന്ന പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

**കണ്ണൂർ കുണ്ടേരിപൊയിലിലെ പോലീസ് അതിക്രമം**

**3472 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുണ്ടേരിപൊയിലിൽ പോലീസ് ഭീകരത സൃഷ്ടിക്കുകയും, സി.പി.ഐ.(എം) മാലൂർ ഈസ്റ്റ് ലോക്കൽ സെക്രട്ടറി ചമ്പാടൻ ജനാർദ്ദനൻ, ഡി.വൈ.എഫ്.ഐ. മാലൂർ വില്ലേജ് സെക്രട്ടറി കെ. സതീശൻ എന്നിവരുടെ വീടുകളിൽ അതിക്രമിച്ചു കയറി നാശനഷ്ടങ്ങൾ വരുത്തുകയും വീട്ടിലുള്ള വരെ പീഡിപ്പിക്കുകയും ചെയ്ത സംഭവം സംബന്ധിച്ച് അന്വേഷിക്കുമോ;

(ബി) ഈ സംഭവത്തിനുത്തരവാദിയായ പോലീസുകാർ ആരൊക്കെയാണ്; ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) പ്രസ്തുത സംഭവം സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>പോലീസ് സംരക്ഷണം</u>**

**3473 ശ്രീമതി. കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ജീവന് ഭീഷണി ഉണ്ടെന്നറിഞ്ഞ രാഷ്ട്രീയ പ്രവർത്തകരിൽ ആർക്കെങ്കിലും, പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടും ഭീഷണി നേരിടുന്നയാളുടെ വിസമ്മതം മൂലം അത് നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തി ആരാണെന്ന് അറിയിക്കുമോ ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ജീവനു ഭീഷണിയുള്ള രാഷ്ട്രീയ പ്രവർത്തകർക്ക് പോലീസ് സംരക്ഷണം**

**3474 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ രാഷ്ട്രീയ പ്രവർത്തകരിൽ ജീവനു ഭീഷണി ഉണ്ടെന്നറിഞ്ഞ ആർക്കെങ്കിലും പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടും ഭീഷണി നേരിടുന്നയാളുടെ വിസമ്മതം മൂലം അത് നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതാർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവന് ഭീഷണി ഉളളതായി പോലീസ് മനസ്സിലാക്കിയതെപ്പോഴായിരുന്നു; ആരെയാണ് അത് അറിയിച്ചതെന്ന് വ്യക്തമാക്കുമോ ; അത് സംബന്ധിച്ച് ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പരാതി ലഭിക്കുകയുണ്ടായോ ; മുഖ്യമന്ത്രിയോടോ മറ്റേതെങ്കിലും മന്ത്രിമാരോടോ നേരിൽ പറയുകയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>സി. ആർ. പി. സി. 164 പ്രകാരം രേഖപ്പെടുത്തിയ മൊഴി</u>**

**3475 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് 2012 ജൂൺ ആദ്യ ആഴ്ചയിൽ ക്രിമിനൽ നിയമനടപടി ചട്ടങ്ങളിലെ 164-ാം വകുപ്പ് പ്രകാരം നാദാപുരം ഒന്നാം ക്ലാസ് മജിസ്ട്രേട്ട് മുമ്പാകെ ആരുടെയെല്ലാം മൊഴി രേഖപ്പെടുത്തുകയുണ്ടായെന്ന് വിശദമാക്കാമോ ;

(ബി) ഇപ്രകാരം മൊഴി രേഖപ്പെടുത്തുന്നതിന് മുൻപ് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് ഇവരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ആരെയൊക്കെ എപ്പോഴെല്ലാമെന്നും ഏത് കേസ് അന്വേണവുമായി ബന്ധപ്പെട്ടുകൊണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>അന്വേഷണത്തിലിരിക്കുന്ന കേസുകളിലെ മൊഴികൾ റിപ്പോർട്ട് ചെയ്യുന്നതിലെ നിയമസാധുത</u>**

**3476 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ് അന്വേഷണം തുടങ്ങി കോടതിയിലെത്തുന്നത് വരെ അന്വേഷണ വിവരങ്ങളും, കേസിലെ സാക്ഷികളുടെയും കസ്റ്റഡിയിലുള്ളവരുടെയും മൊഴികളും മാധ്യമങ്ങളിലൂടെ വരുന്നത് കോടതിയലക്ഷ്യമായി കണക്കാക്കുമോ; വ്യക്തമാക്കുമോ;

(ബി) ആയത് തടയേണ്ടത് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമാണോ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച കോടതിവിധികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## പോലീസ് കസ്റ്റഡിയിലെ പീഡനം

3477 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ പ്രതികൾ പീഡിപ്പിക്കപ്പെട്ട എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടക്കുന്ന കസ്റ്റഡി-പീഡന സംഭവങ്ങളെയും അപരിഷ്കൃതമായ ചോദ്യം ചെയ്യലുകളേയും കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് മൂന്നാംമുറയെ ആശ്രയിക്കുന്നതിനാൽ കേസന്വേഷണം ക്രൂരവും നിന്ദ്യവുമാകുകയും സംശയത്തിന്റെ പേരിൽ പിടിക്കപ്പെട്ട നിരപരാധികൾ മാനസിക സംഘർഷങ്ങളിലാകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസ് കസ്റ്റഡിയിലുള്ള വ്യക്തികളുടെ മനുഷ്യാവകാശങ്ങളെ മാനിക്കാതെയുള്ള പോലീസ് നടപടികൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കൊലപാതകകേസുകളിൽ പീഡനത്തിലൂടെ തെളിവ് ശേഖരണം**

3478 ശ്രീ. എളമരം കരീം
,, എസ്. ശർമ്മ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് അന്വേഷണത്തിലിരിക്കുന്ന ചില കൊലപാതക കേസുകളിൽ ശാസ്ത്രീയമായ അന്വേഷണത്തിലൂടെ സത്യം പുറത്തുകൊണ്ടുവരുന്നതിനു പകരം, തെറ്റായ തെളിവ് ശേഖരണം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാരീരികവും മാനസികവുമായ പീഡനങ്ങളും ഭീഷണിയും ഉപയോഗിച്ച് നിർബന്ധിതമായി മൊഴികൾ പറയിപ്പിച്ചുകൊണ്ട് ചോദ്യം ചെയ്യലിനുള്ള അവകാശം ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി പോലീസ് ദുരുപയോഗം ചെയ്തു വരുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) അതിരുകടന്ന ഇത്തരം നടപടികൾക്ക് പോലീസ് അന്വേഷണസംഘത്തെ സമ്മർദ്ദത്തിലാക്കുന്ന അധികാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>പൊതുയോഗങ്ങളിലെ പ്രസംഗം- കേസുകളുടെ വിശദവിവരം</u>

3479 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്വേഷണങ്ങളുടെ ഭാഗമായി പോലീസ് കസ്റ്റഡിയിലിരിക്കുന്നവർക്ക് നേരെ പ്രാകൃതമായ രീതിയിൽ മൂന്നാംമുറ പ്രയോഗിച്ച സംഭവങ്ങൾ സംബന്ധിച്ച് പൊതുയോഗങ്ങളിൽ പ്രസംഗിച്ചതിനും പത്രസമ്മേളനം നടത്തിയതിനുമെതിരെ പൊതുപ്രവർത്തകരായ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം സംഭവം സംബന്ധിച്ച് ആരെല്ലാം നടത്തിയ പരാമർശങ്ങൾക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഏതെല്ലാം പൊതുപ്രവർത്തകർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്നും അത് ഏതെല്ലാം സ്റ്റേഷനുകളിലാണെന്നും ചുമത്തിയിട്ടുള്ള കുറ്റങ്ങളും വകുപ്പും സഹിതം വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക പരിപാടികൾ</u>**

**3480 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് 5, 6 തീയതികളിൽ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക പരിപാടികൾ എന്തെല്ലാമായിരുന്നു; പ്രസ്തുത തീയതികളിൽ അദ്ദേഹം ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശിക്കുകയുണ്ടായോ; എങ്കിൽ അത് എന്നായിരുന്നു; പ്രസ്തുത സന്ദർശനം ഔദ്യോഗികമായിരുന്നോ; എങ്കിൽ എന്തായിരുന്നു സന്ദർശന ഉദ്ദേശ്യം ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

നന്ദാവനം എ. ആർ. ക്യാമ്പിലെ വെടിവയ്പ്

3481 ശ്രീ. പി. റ്റി. എ. റഹിം
,, രാജു എബ്രഹാം
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നന്ദാവനം പോലീസ് എ. ആർ. ക്യാമ്പിൽ ഗൺമാൻ വെടിയുതിർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ക്യാമ്പിലെ ജീവനക്കാരും ഗൺമാനുമായുണ്ടായ വാക്ക് തർക്കത്തിനിടയിൽ ഗൺമാൻ എത്ര പ്രാവശ്യം വെടിവെച്ചു; സംഭവത്തിൽ ആർക്കെങ്കിലും പരിക്ക് പറ്റുകയുണ്ടായോ; രണ്ടു പേർ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു എന്നറിയുന്നത് ശരിയാണോ;

(സി) സംഭവത്തെ തുടർന്ന് പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) സംസ്ഥാന മന്ത്രിസഭയിലെ ഏത് മന്ത്രിയുടെ ഗൺമാനാണ് വെടിയുതിർത്തത്; വിശദമാക്കാമോ; ഗൺമാൻ ഇപ്പോഴും സർവ്വീസിലുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അഴിമതി തടയുന്നതിന് വിജിലൻസ് വകുപ്പിന്റെ കർമ്മ പദ്ധതികൾ**

3482 ശ്രീ. കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഴിമതി തടയുന്നതിന് വിജിലൻസ് വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി വിവിധ വകുപ്പുകളിലെ വിജിലൻസ് വിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**സൈബർ കുറ്റകൃത്യങ്ങൾ**

3483 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കു നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിയമം കൊണ്ടുവരുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകളുടെ അന്തസ്സും സ്വകാര്യതയും നിയമപരമായി സംരക്ഷിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് മുൻപ് എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും അഭിപ്രായ ശേഖരണം നടത്തുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## മൊബൈല്‍ ഫോണ്‍ ചോര്‍ത്തല്‍

3484

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മൊബൈല്‍ ഫോണ്‍ കമ്പനികളില്‍ നിന്നും ഫോണ്‍ കോളുകളുടെ വിവരം വ്യാപകമായി ചോരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാനപ്പെട്ട കേസുകള്‍ അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെയും മാധ്യമ പ്രവര്‍ത്തകരുടെയും ഫോണ്‍ നമ്പരുകളും കോളുകളും ചോര്‍ത്തപ്പെടുന്നതായുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തില്‍ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(ഡി) മൊബൈല്‍ ഫോണ്‍ സേവനദാതാക്കളായ കമ്പനികളുടെ ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്നതിനും വിവരങ്ങള്‍ ചോത്തുന്നവര്‍ക്കെതിരെ കര്‍ശന നടപടിയെടുക്കുന്നതിനും തയ്യാറാകുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഷാഡോ പോലീസ്</u>

3485 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലെ മികച്ച പോലീസുകാരെ ഉൾപ്പെടുത്തി രൂപം നൽകിയ ഷാഡോ പോലീസ് സംഘത്തെ പിരിച്ചുവിട്ടു എന്നവാർത്ത ശരിയാണോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത സംഘത്തെ പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഷാഡോ പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണ്;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഷാഡോ പോലീസ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസിന്റെ വാഹന പരിശോധന**

**3486** **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പോലീസുകാരുടെ വാഹനപരിശോധനയിൽ കാലോചിതമായി എന്തെങ്കിലും മാറ്റങ്ങൾ പുതിയതായി വരുത്തിയിട്ടുണ്ടോ;**

(ബി) **വാഹനപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ വാഹനത്തിനടുത്ത് ചെന്ന് പരിശോധിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;**

(സി) **പല സ്ഥലങ്ങളിലും ഈ ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ഡി) **വാഹനപരിശോധനയുടെ പേരിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശം പോലീസിന് നൽകുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കണ്ണൂർ ജില്ലയിലെ മണൽകൊള്ള</u>**

**3487 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ കടലോരത്ത് അനധികൃതമായി നടത്തുന്ന മണൽകൊള്ള ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്ത് പോലീസുകാരുടെ നീക്കത്തെക്കുറിച്ച് മൊബൈൽ ഫോണിൽ വിവരം കൈമാറുന്ന മണൽ മാഫിയക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റു ചെയ്യുകയോ വാഹനം കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) മണൽ മാഫിയക്കെതിരെ എന്തൊക്കെ നടപടികളാണ് പോലീസ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## കടൽ കൊല ക്കേസ്

3488 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽക്കൊല ക്കേസിൽ റിമാൻഡിലുള്ള ഇറ്റാലിയൻ സൈനികരുടെ മേൽ ചുമത്തിയിരുന്ന 'സുവ' നിയമ പ്രകാരമുള്ള കുറ്റങ്ങൾ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ വിചാരണക്കോടതിയെ അറിയിച്ചതായുള്ള വാർത്ത ശരിയാണോ;

(ബി) പ്രസ്തുത കേസിൽ പ്രതികൾക്കെതിരെ ചുമത്തിയ 'സുവ' നിയമപ്രകാരമുള്ള കുറ്റങ്ങൾ ഒഴിവാക്കുന്നത് വിചാരണ വേളയിൽ സംസ്ഥാനത്തിന്റെ വാദങ്ങൾക്ക് ഏതെങ്കിലും തരത്തിൽ സഹായകരമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കടൽക്കൊല കേസ് പ്രതികൾക്ക് ജാമ്യം</u>

3489 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽക്കൊലക്കേസിൽ റിമാൻഡിലായിരുന്ന ഇറ്റാലിയൻ നൈെസികരുടെ ജാമ്യാപേക്ഷയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) കോടതിയിൽ ജാമ്യാപേക്ഷയെ സർക്കാർ എതിർത്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രതികൾക്കെതിരെ ചുമത്തിയിരുന്ന സുവനിയമപ്രകാരമുള്ള കുറ്റങ്ങൾ ഒഴിവാക്കിയത്മൂലം അവർക്ക് ജാമ്യം ലഭിച്ചുവെന്ന ആക്ഷേപത്തിന്മേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കടലിലെ കൊല - ഇറ്റാലിയൻ സർക്കാരിന്റെ കരാർ**

**3490 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടലിൽ കൊല ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുമായി ഇറ്റാലിയൻ സർക്കാർ ഉണ്ടാക്കിയ കരാറിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകാത്തതിനെ സുപ്രീം കോടതി വിമർശിച്ചതായുള്ള വാർത്ത ശരിയാണെന്ന അഭിപ്രായമുണ്ടോ;

(ബി) അപ്പീൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**മാറാട് കലാപം - കമ്മീഷൻ റിപ്പോർട്ട്**

3491 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപം സംബന്ധിച്ച് ജോസഫ് തോമസിനെ കമ്മീഷനായി നിയമിച്ചിരുന്നുവോ ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) എം. സി. മായിൻഹാജി, പഞ്ചായത്ത് മെമ്പറായിരുന്ന മൊയ്തീൻകോയ എന്നിവർക്ക് കൊലപാതകം സംബന്ധിച്ച് നേരത്തേ അറിവുണ്ടായിരുന്നു എന്ന കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കുറ്റകൃത്യത്തെ സംബന്ധിച്ച് അറിവുണ്ടായിട്ടും മറച്ചുവച്ചതിന്റെ പേരിൽ പ്രസ്തുത വ്യക്തികൾക്കെതിരെ കേസ് എടുക്കാതിരുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**നാദാപുരം കേസ് അന്വേഷണ പുരോഗതി**

3492 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 582/10 നമ്പർ കേസിന്റെ അന്വേഷണ ചുമതല ഇപ്പോൾ ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുവരെ അറസ്റ്റ് ചെയ്തവരുടെ പേരും, മേൽവിലാസവും അറിയിക്കാമോ; ഇവർക്ക് ഏതെങ്കിലും സംഘടനകളുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസിന്റെ ഇതുവരെയുള്ള അന്വേഷണ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസിലെ കുറ്റവാളികൾ**

3493 ശ്രീ. പി. എ. മാധവൻ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ കുറ്റവാളികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമന സമയത്ത് ക്രിമിനൽ കേസ്സുള്ളവരെ സർവ്വീസിൽ എടുക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസ് ഉദ്യോഗസ്ഥരിലെ ക്രിമിനലുകളുടെ ലിസ്റ്റ്**

3494 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരിലെ ക്രിമിനലുകളുടെ ലിസ്റ്റ് തയ്യാറാക്കി കോടതിക്ക് സമർപ്പിച്ചിട്ടുള്ളത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കോടതിക്ക് സമർപ്പിച്ച പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നിട്ടും മന:പൂർവ്വം ഒഴിവാക്കപ്പെട്ട ആരെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥരിൽ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടവർ, ക്രിമിനൽ കേസിൽ പ്രതികളാക്കപ്പെട്ടവർ, പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾ എന്നു കാണുന്നവർ, പോലീസിന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ കുഴപ്പക്കാരാണെന്ന് കാണുന്നവർ എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കിയ ഒരു ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ

# 25.06.2012-ലെ മറുപടിക്ക്

**കോഡൂര്‍ പഞ്ചായത്തിലെ പ്രദേശങ്ങള്‍ മലപ്പുറം പോലീസ് സ്റ്റേഷന്‍ പരിധിയിലാക്കാന്‍ നടപടി**

3495 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂര്‍ പഞ്ചായത്തില്‍പ്പെട്ട ഉമ്മത്തൂര്‍, പരുവമണ്ണ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം പ്രദേശങ്ങള്‍ മലപ്പുറം പോലീസ് സ്റ്റേഷന്‍ പരിധിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നല്‍കിയ നിവേദനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തില്‍ എന്തെല്ലാം തുടര്‍ നടപടികള്‍ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ**

**3496 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2006-2012 കാലയളവിൽ അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ ഐ. പി. സി. 279,337,338, 304 (എ) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ മൂന്നു സർക്കിൾ സ്റ്റേഷനുകളിലേയും വാഹനാപകടങ്ങളുടെയും ട്രാഫിക് കുറ്റകൃത്യങ്ങളുടെയും ബാഹുല്യം കണക്കിലെടുത്ത് എം.സി റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ചാരുംമൂട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ്</u>**

**3497 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രീകരിച്ച് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**നഗരൂരിൽ പോലീസ് സ്റ്റേഷൻ**

3498 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരൂർ കേന്ദ്രമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അതു സംബന്ധിച്ച ഫയലിന്റെ നമ്പരും എത്രയാണെന്നും വിശദമാക്കാമോ;

(സി) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം കെട്ടിടം ലഭ്യമാക്കിയാൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് പരിഗണന നൽകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ എ. സി. പി. ഓഫീസിന് കെട്ടിടം</u>

3499

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ പൊലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ എത്ര സെന്റ് ഭൂമിയാണ് ആഭ്യന്തര വകുപ്പിന് സ്വന്തമായുള്ളത്; പ്രസ്തുത സ്ഥലത്ത് ഇപ്പോൾ ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള പൊലിസ് സ്റ്റേഷനും അനുബന്ധ കെട്ടിടവും എന്നാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്; ഇവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്ഥലസൗകര്യക്കുറവ് ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ചാത്തന്നൂരിൽ പുതുതായി അനുവദിച്ച എ. സി. പി. ഓഫീസിന് ഉൾപ്പെടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## <u>ഉപ്പള ആസ്ഥാനമായി പോലീസ് സ്റ്റേഷൻ</u>

3500 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയെ സംസ്ഥാന അതിർത്തി പ്രദേശമെന്ന പരിഗണന നൽകി ഉപ്പള ആസ്ഥാനമായി പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ചെറുവത്തൂരിൽ പോലീസ് സ്റ്റേഷൻ**

3501 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചെറുവത്തൂർ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ</u>**

3502 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**തൃശൂർ ജില്ലയിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**തിരുവല്ല പോലീസ് സ്റ്റേഷനു സമീപം പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

**3503**

**ശ്രീ. മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സ്റ്റേഷനു സമീപം പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ 2011 ആഗസ്റ്റ് മാസത്തിനകം മാറ്റുന്നതാണെന്ന് 2011 ജൂൺ മാസത്തിൽ സഭയിൽ സബ്മിഷന് നൽകിയ മറുപടി പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ പ്രായോഗിക തടസ്സം എന്തൊക്കെയാണ്;

(സി) ഈ വാഹനങ്ങൾ എന്ന് നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പോലീസിന്റെ ജനസേവന സംവിധാനം**

3504 ശ്രീ. ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ ജനസേവന സംവിധാനം മെച്ചപ്പെടുത്താനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിൽ വ്യക്തികളുടെയും വിവിധ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സോഷ്യൽ നെറ്റ്വർക്ക് വഴി ആശയവിനിമയം</u>

3505 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഓഫീസർമാർ ഔദ്യോഗിക സൗകര്യങ്ങൾ ഉപയോഗിച്ച് സോഷ്യൽ നെറ്റ്വർക്ക് വഴി ആശയവിനിമയം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിന്റെ അച്ചടക്കത്തെ ബാധിക്കുന്ന ഈ പ്രശ്നത്തെ എങ്ങനെയാണ് നേരിടാൻ ഉദ്ദേശിക്കുന്നത്;

(സി) ഇപ്രകാരമുള്ള ആശയവിനിമയം നിരോധിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>പോലീസ് സേനയിലെ ഒഴിവുകൾ</u>**

3506 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിലാണ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത്;

(ഡി) ഇവരുടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>പോലീസ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരണം</u>**

3507 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

**സ്പെഷ്യൽ ആംഡ് പോലീസിൽ ക്ലറിക്കൽ ജോലി ചെയ്യുന്ന ദിവസവേതനക്കാർ**

3508

**ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസിൽ റിക്രൂട്ട് ട്രെയിനിംഗിനോടനുബന്ധിച്ച് കുക്ക്, ബാർബർ, സ്വീപ്പർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ആയതിൽ എത്ര പേരെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) അവർ ആരൊക്കെയാണെന്നും എന്നു മുതൽ ഇത്തരത്തിൽ ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഇരുപതു വർഷമായി ഹവിൽദാർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയത് മേൽപറഞ്ഞ രീതിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരനായിരുന്നു എന്ന 11.06.2012 ലെ മലയാള മനോരമ പത്രത്തിലെ വാർത്ത വാസ്തവമാണോ;

(ഇ) മേൽപറഞ്ഞ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രാജേന്ദ്രൻ, ലിസി, ശോഭ, ജോർജ്ജ്, രാജേഷ് എന്നിവർ ഇപ്പോൾ ക്ലറിക്കൽ ജോലിയാണു ചെയ്യുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയത് എന്നു വരെ തുടരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വല്ലാർപാടത്തെ സുരക്ഷ</u>

3509 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്ന് കസ്റ്റംസ് നിയന്ത്രണം നീക്കിയത് ആയുധമടക്കമുള്ളവയുടെ കള്ളക്കടത്തിന് വഴിവെക്കുന്നതിന് കാരണമാകുമോ;

(ബി) ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ;

(സി) വല്ലാർപാടത്തെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കണ്ണൻ ദേവൻ ഹിൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അഴിമതി**

3510 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ ഹിൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അഴിമതിയുമായി ബന്ധപ്പെട്ട് സി.ബി.സി.ഐ.ഡി കേസ് നമ്പർ 378/2008 പ്രകാരം പ്രതികൾക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ഏതെല്ലാം പ്രതികൾക്കെതിരെയാണ് വാറണ്ട് പുറപ്പെടുവിച്ചത്; പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിലെ പ്രതികളിൽ ചിലർ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന ചടങ്ങുകളിൽ നിരന്തരം പങ്കെടുത്തിട്ടും അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ട്;

(സി) പ്രതികളെ ഉടൻ അറസ്റ്റ് ചെയ്ത് കേസിന്റെ തുടർനടപടികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കവടിയാർ ലോർഡ് സായി സെക്യൂരിറ്റീസ്- തട്ടിപ്പുകേസ്**

**3511 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കവടിയാറിലെ ലോർഡ് സായി സെക്യൂരിറ്റീസ് എന്ന സ്ഥാപനം നിക്ഷേപകരിൽ നിന്ന് 4 കോടിയോളം രൂപ തട്ടിയെടുത്തതായി പറയുന്ന സംഭവത്തിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>അനധികൃത ചിട്ടികമ്പനികളുടെ നിയന്ത്രണം</u>

3512 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ സ്വകാര്യമേഖലയിലുള്ള ചിട്ടികമ്പനികള്‍ നിയമവിരുദ്ധമായാണ് പ്രവര്‍ത്തിക്കുന്നത് എന്ന് സംസ്ഥാന ആഭ്യന്തര വകുപ്പിന് കേന്ദ്ര ഇന്റലിജന്‍സില്‍ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) അനധികൃത ചിട്ടികമ്പനികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**തൃശൂർ മെഡിക്കൽ കോളേജിലെ ഫോറൻസിക് ലാബിൽ നിന്ന് നഷ്ടപ്പെട്ട രേഖകൾ**

**3513 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **തൃശൂർ മുളങ്കുന്നത്തുകാവിലെ സർക്കാർ മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗത്തിൽ കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട അനവധി രേഖകളും തെളിവുകളും നശിപ്പിക്കപ്പെട്ടതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?**

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ബോട്ടുകളും നിരീക്ഷണ ഉപകരണങ്ങളും</u>**

**3514 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര ബോട്ടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ നിലവിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(സി) എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകൾക്കും കടൽ നിരീക്ഷണ ക്യാമറകളും ബൈനോക്കുലറുകളും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വ്യാജവിലാസത്തിലുള്ള പാസ്പോർട്ടുകൾ</u>

3515 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജവിലാസത്തിൽ പാസ്പോർട്ട് സംഘടിപ്പിച്ചവർക്കെതിരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയായവ എത്രയാണ് എന്ന കണക്ക് ലഭ്യമാക്കുമോ ;

(സി) വ്യാജപാസ്പോർട്ട് നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച എത്ര പേരെ മേല്പറഞ്ഞ കേസുകളുമായി ബന്ധപ്പെട്ട് പിടികൂടി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## <u>പാർട്ടി കോടതികൾ</u>

3516

### ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാർട്ടി കോടതികൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാർട്ടി കോടതികളെ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അങ്കമാലിയിലെ ഗുണ്ടാ ആക്രമണങ്ങൾ**

3517 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഷുക്കൂര്‍ വധം - അന്വേഷണത്തില്‍ മൂന്നാംമുറ</u>

3518 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണപുരത്തെ ഷുക്കൂര്‍ വധകേസ്സില്‍ പോലീസ് ആരെയൊക്കെ കസ്റ്റഡിയില്‍ എടുക്കുകയുണ്ടായി; ഇതില്‍ കോടതിയില്‍ ഹാജരാക്കപ്പെട്ടവര്‍ എത്ര;

(ബി) ഇവരില്‍ പ്രാകൃതമായ മൂന്നാംമുറയ്ക്ക് വിധേയമാക്കപ്പെട്ടതായി ആക്ഷേപം ഉന്നയിച്ചിട്ടുളളവര്‍ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം നിലയിലുളള മൂന്നാംമുറകള്‍ പ്രയോഗിച്ചതായിട്ടാണ് ആക്ഷേപം; വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പുറക്കാട് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതി**

**3519 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിലവിലുളള മന്ത്രിസഭയിലെ ഒരംഗത്തിനെതിരെ ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പുതിയ ഫയര്‍ & റെസ്ക്യൂ സ്റ്റേഷനുകളില്‍ കൂടുതല്‍ തസ്തിക**

3520 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രത്തില്‍ നിന്ന് കേരള ഫയര്‍ & റെസ്ക്യൂ സര്‍വ്വീസിന് 2011-12-ല്‍ ഡിസാസ്റ്റര്‍ മാനേജ്മെന്റിനുവേണ്ടി എന്ത് തുകയുടെ ഫണ്ട് അനുവദിച്ചു കിട്ടി;

(ബി) കിട്ടിയില്ലെങ്കില്‍ ഫണ്ട് ലഭിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(സി) ഇപ്പോള്‍ നിലവില്‍വന്ന ഫയര്‍ & റെസ്ക്യൂ സ്റ്റേഷനുകളില്‍ കൂടുതല്‍ തസ്തികകള്‍ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അസിസ്റ്റന്റ് സ്റ്റേഷന്‍ ഓഫീസര്‍, സ്റ്റേഷന്‍ ഓഫീസര്‍ എന്നിവരുടെ ശമ്പളം കേരള പോലീസിലെ എ. എസ്. ഐ., എസ്. ഐ. തസ്തികയ്ക്ക് തുല്യമായി വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഡിസാസ്റ്റർ മാനേജ്മെന്റിന് കേന്ദ്ര ഫണ്ട്**

3521 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ & റെസ്ക്യൂ സർവ്വീസിന് ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി 2011-12 വർഷത്തിൽ കേന്ദ്രത്തിൽ നിന്ന് അനുവദിച്ചു കിട്ടിയ ഫണ്ട് എത്രയാണ്;

(ബി) പ്രസ്തുത ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പുതിയ ഫയർ സ്റ്റേഷൻ</u>

3522 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതൊക്കെ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ**

**3523** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ സംസ്ഥാനത്ത് നിലവിൽ വന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്റ്റേഷനുകളിൽ ജീവനക്കാരെ നിയമിച്ചത് എപ്രകാരമാണ്;

(സി) തസ്തിക വെട്ടിക്കുറച്ചാണ് പ്രസ്തുത സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതെങ്കിൽ വെട്ടിക്കുറച്ച തസ്തികകൾ പുനർസൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അമ്പലപ്പുഴ ഫയർ അആനറ് റെസ്ക്യൂ യൂണിറ്റിന്റെ പ്രവര ത്തനം**

3524 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഫയർ & റെസ്ക്യൂ യൂണിറ്റിൽ കംപ്രസറും, ശ്വസന ഉപകരണങ്ങളും വാങ്ങാൻ എത്ര രൂപ ചെലവഴിച്ചുവെന്നും എന്നാണ് അവ വാങ്ങിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ഉപയോഗിക്കാൻ കഴിയാത്തതിന് കാരണമെന്തെന്ന് അറിയിക്കാമോ ;

(സി) ഇതു സംബന്ധിച്ച് മാദ്ധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) യൂണിറ്റിൽ ത്രീഫേയ്സ് വൈദ്യുതി കണക്ഷന് എന്നാണ് അപേക്ഷ നല്കിയത്; ഇക്കാര്യത്തിൽ പി.ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അനാസ്ഥയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കുന്നംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യ വികസനം**

3525 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ വേനൽക്കാലത്ത് റസ്ക്യൂ സ്റ്റേഷന്റെ സേവനം ആവശ്യപ്പെട്ട് മാസത്തിൽ ശരാശരി എത്ര സന്ദേശമാണ് ലഭിക്കുന്നത്;

(ബി) പ്രസ്തുത സ്റ്റേഷനിൽ എത്ര ഫയർമാൻ തസ്തികയാണ് ഒഴിഞ്ഞുകിടക്കുന്നത്;

(സി) പ്രസ്തുത സ്റ്റേഷനിൽ എത്ര വാട്ടർ ടെണ്ടർ നിലവിലുണ്ട്;

(ഡി) കുന്നംകുളം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ഓഫീസർ തസ്തികയിൽ ശമ്പളം വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

**3526 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ഫയർമാൻ തസ്തികകളിലെ നിയമനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ, സ്റ്റേഷൻ ആഫീസർ എന്നിവരുടെ ശമ്പളം കേരള പോലീസിലെ എ.എസ്.ഐ., എസ്.ഐ. എന്നിവർക്ക് തുല്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഫയർമാൻ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

**3527**

**ശ്രീ. കെ. വി. അബ്ദുൾഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫയർമാൻ ട്രെയിനി തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. എത്ര പേർക്ക് അഡൈ്വസ് മെമ്മോ അയച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) അഡൈ്വസ് മെമ്മോ നൽകിയവരിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## ഫയർമാൻ തസ്തികയിലേയ്ക്കുള്ള നിയമനം

3528 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ ഫയർമാൻ തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിന് അഡൈ്വസ് മെമ്മോ നല്കിയ ഉദ്യോഗാർത്ഥികൾക്ക് എന്ന് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ അംഗീകാരമില്ലാത്ത സംഘടനകൾ**

3529 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ പ്രവർത്തിക്കുന്ന അംഗീകാരമുള്ള സംഘടനകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഉത്തരവുകൾ മുഖേനയാണ് പ്രസ്തുത സംഘടനകൾക്ക് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരമില്ലാത്ത സംഘടനകളുടെ പേരിൽ ബഹു. മുഖ്യമന്ത്രിയ്ക്കും ആഭ്യന്തര മന്ത്രിക്കും ലഭിച്ച പരാതികളിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഘടനകൾക്കെതിരെ 1966-ലെ അച്ചടക്ക നിയന്ത്രണ നിയമം ഉപയോഗിച്ച് കൈക്കൊണ്ട നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കോഴിക്കോട് എൻ.ജി.ഒ ക്വാർട്ടേഴ്സിന് സമീപത്തെ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>**

**3530 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ ക്വാർട്ടേഴ്സിന് സമീപമുള്ള ഫയർ സ്റ്റേഷൻ നിൽക്കുന്ന ഭൂമിയും കെട്ടിടവും ആരുടെ ഉടമസ്ഥതയിലുള്ളതാണ്;

(ബി) പ്രസ്തുത കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ എൻ.എച്ച് 212 ന് സമീപം ഐ.ഐ.എം. ന്റെ പരിസരത്തുള്ള സർക്കാർ സ്ഥലത്തേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അഴിമതി തടയാൻ വിജിലൻസ് വകുപ്പിന്റെ നിർദ്ദേശങ്ങൾ**

3531 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **അഴിമതി തടയാൻ വിജിലൻസ് വകുപ്പ് നേരിട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;**

(ബി) **വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ ആകെ എത്ര കേസുകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**സൈൻബോർഡ് അഴിമതിക്കേസ് അന്വേഷണത്തിലെ കണ്ടെത്തൽ**

3532 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സൈൻ ബോർഡ് അഴിമതിക്കേസിൽ വിജിലൻസ് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തൽ എന്തായിരുന്നു എന്ന് വിശദമാക്കാമോ ;

(ബി) ഈ കേസ് സംബന്ധിച്ച് ഐ. ജി. യായിരുന്ന റ്റി. പി. സെൻകുമാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>സൈൻബോർഡ് അഴിമതിക്കേസ് പിൻവലിക്കുന്നതിനായി ഹർജി</u>**

**3533 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സൈൻ ബോർഡ് അഴിമതിക്കേസ് പിൻവലിക്കുന്നതിനായി വിജിലൻസ് അന്വേഷണ വിഭാഗം വിജിലൻസ് കോടതിയിൽ ഹർജി നൽകി എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ഒരു ഹർജി നൽകിയിട്ടുണ്ടെങ്കിൽ ആയത് നല്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**അന്വേഷണം പൂർത്തീകരിച്ച വിജിലൻസ് കേസുകൾ**

**3534** **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലത്ത് എത്ര വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ബി) ഇങ്ങനെ രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) അന്വേഷണം പൂർത്തീകരിച്ച് നടപടിയ്ക്ക് ശുപാർശ ചെയ്തതിൽ എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ശേഷിക്കുന്നവരുടെ പേരിൽ എന്ത് കൊണ്ടാണ് നടപടികൾ സ്വീകരിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**രാഷ്ട്രീയ നേതാക്കൾക്കെതിരെയുള്ള വിജിലൻസ് കേസുകൾ**

**3535 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര രാഷ്ട്രീയ നേതാക്കൾക്കെതിരായിട്ടാണ് ഇപ്പോൾ വിജിലൻസ് കേസുകൾ നിലവിലുള്ളത് ;

(ബി) അതിൽ നിലവിലുള്ള മന്ത്രിമാരും മുൻമന്ത്രിമാരുമായി എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മുൻമന്ത്രിമാരുടെ കേസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കാമോ ; അതിൽ എത്ര പേരുടെ പേരിലാണ് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ജയിലിലെ നിരോധിത മേഖലയുടെ ചിത്രങ്ങൾ എടുത്ത സംഭവം</u>

**3536** **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന ഇറ്റാലിയൻ സൈനികർ ജയിലിൽ തങ്ങളെ സന്ദർശിക്കാനെത്തിയ ബന്ധുക്കൾക്കൊപ്പം നിൽക്കുന്ന ചിത്രങ്ങൾ ഇന്ത്യയിലേയും ഇറ്റലിയിലേയും പ്രമുഖ മാധ്യമങ്ങളിൽ പ്രചരിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിൽ സൂപ്രണ്ടിന്റെ ഓഫീസടക്കമുള്ള, ഫോട്ടോഗ്രാഫി നിരോധിത മേഖലയുടെ ചിത്രങ്ങൾ എടുക്കുന്നത് ഗുരുതരമായ ചട്ടലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിന്മേൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ഡി) വിദേശ മാധ്യമ പ്രവർത്തകരെ ജയിലിനുള്ളിൽ കടക്കാൻ അനുവദിച്ചിരുന്നോ;

(ഇ) ആരാണ് ഇതിനനുവാദം നൽകിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ആഭ്യന്തരമന്ത്രിയുടെ ജയിൽ സന്ദർശനവും മാധ്യമ പ്രവർത്തകരുടെ പ്രവേശനവും</u>**

**3537 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരമന്ത്രിയുടെ പൂജപ്പുര ജയിൽ സന്ദർശനത്തോടനുബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് ജയിലിൽ പ്രവേശനം അനുവദിച്ചത് ജയിൽ ചട്ടങ്ങളുടെ ലംഘനമാണോ;

(ബി) ജയിൽ ദൃശ്യങ്ങൾ പകർത്തുന്നതിന് ദൃശ്യ-മാധ്യമ പ്രവർത്തകരേയും പത്രഫോട്ടോഗ്രാഫർമാരേയും അനുവദിക്കുന്നത് സുരക്ഷാ വീഴ്ചയ്ക്കിടയാക്കില്ലേയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ആഭ്യന്തര വകുപ്പ് മന്ത്രി തടവുകാരിൽ നിന്ന് നേരിട്ട് പരാതികൾ വാങ്ങിയ സംഭവം**

**3538 ശ്രീ. സി.കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരിൽ നിന്ന് ആഭ്യന്തര വകുപ്പ് മന്ത്രി നേരിട്ട് പരാതികൾ കൈപ്പറ്റി എന്ന വാർത്ത ശരിയാണോ ;

(ബി) എങ്കിൽ മന്ത്രിമാർ തടവുകാരിൽ നിന്ന് നേരിട്ട് പരാതികൾ സ്വീകരിക്കുന്നത് ജയിൽ ചട്ടലംഘനമാണോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ആഭ്യന്തരമന്ത്രിയുടെ കണ്ണൂർ ജയിൽ സന്ദർശനം**

3539 **ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് മന്ത്രി കണ്ണൂർ ജയിൽ സന്ദർശിച്ചപ്പോൾ മാധ്യമ പ്രവർത്തകരെ ജയിൽ ബ്ലോക്കുകളിൽ പ്രവേശിപ്പിക്കുകയും ചിത്രങ്ങളെടുക്കാൻ അനുവദിക്കുകയും ചെയ്തതായി വന്നിട്ടുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കുമോ ;

(ബി) മാധ്യമ പ്രവർത്തകരെ ജയിൽ ബ്ലോക്കുകളിൽ പ്രവേശിപ്പിക്കുന്നതും ചിത്രങ്ങളെടുക്കാൻ അനുവദിക്കുന്നതും ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ജയിലിൽ ചിത്രങ്ങൾ പതിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച്**

**3540 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിലിൽ ചിത്രങ്ങൾ പതിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച് ചട്ടങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജയിൽ ബ്ലോക്കിലുള്ള ചിത്രങ്ങളെ സംബന്ധിച്ച് ജയിൽ എ.ഡി.ജി.പി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(സി) എ.ഡി.ജി.പി യുടെ റിപ്പോർട്ട് പ്രകാരം കണ്ണൂർ സെൻട്രൽ ജയിൽ ബ്ലോക്കുകളിൽ ഏതെല്ലാം ചിത്രങ്ങൾ പതിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മെയ് 12 ന് കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിച്ച ആഭ്യന്തര വകുപ്പ് മന്ത്രി ജയിൽ ബ്ലോക്കിൽ നിന്നും ഏതെങ്കിലും ചിത്രങ്ങൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അവ ഏതൊക്കെ ചിത്രങ്ങളാണെന്നും എന്തുകൊണ്ടാണ് നീക്കം ചെയ്യാൻ ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ഇറ്റാലിയൻ നാവികരെ ജയിലിൽ നിന്നും മാറ്റി തടവിൽ പാർപ്പിക്കുന്നത് സംബന്ധിച്ച്</u>**

**3541** **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

**മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവച്ച് കൊന്ന കേസിലെ പ്രതികളായ ഇറ്റാലിയൻ നാവികരെ ജയിലിൽ നിന്നും മാറ്റി മറ്റൊരിടത്ത് തടവിൽ പാർപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ജയിലുകളിലെ മൊബൈൽ ഫോൺ ജാമറുകളുടെ പ്രവർത്തനക്ഷമത**

3542 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഏതൊക്കെ ജയിലുകളിലാണ് മൊബൈൽ ഫോൺ ജാമർ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;**

(ബി) **ജയിലുകളിൽ മൊബൈൽ ഫോൺ ജാമർ പ്രവർത്തിക്കാത്തതിന് പിന്നിൽ മൊബൈൽ ഫോൺ കമ്പനികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(സി) **എങ്കിൽ പ്രസ്തുത മൊബൈൽ ഫോൺ കമ്പനികൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;**

(ഡി) **ഏതെല്ലാം ഫ്രീക്വൻസിയിലുള്ള തരംഗങ്ങളാണ് ജാമർ ഉപയോഗിച്ച് തടഞ്ഞത് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

### വിവിധ ജയിലുകളിലെ തടവുകാർ

3543 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ജയിലുകളിൽ എത്ര വിചാരണ തടവുകാർ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ജയിൽ ഉപദേശകസമിതികൾ**

3544 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജയിൽ ഉപദേശകസമിതികൾ എന്നു മുതലാണ് പ്രവർത്തിച്ചു തുടങ്ങിയത് ; എങ്കിൽ ഏത് ഉത്തരവുപ്രകാരമാണ് അവ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലായശേഷം ഓരോ സർക്കാരിന്റെയും കാലയളവിൽ ഓരോ ജയിലിലും പ്രവർത്തിച്ചിരുന്ന ജയിൽ ഉപദേശകസമിതിയിലെ അംഗങ്ങളുടെ പേര് വിവരം ലഭ്യമാക്കുമോ ;

(സി) നിലവിൽ കേരളത്തിലെ ഓരോ ജയിലുകളിലേയും ഉപദേശക സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>'വീഡിയോ കോൺഫറൻസിംഗ്'</u>

3545 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ 'വീഡിയോ കോൺഫറൻസിംഗ്' സംവിധാനം ഏതൊക്കെ ജയിലുകളിലാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**നെട്ടുകാൽത്തേരി തുറന്ന ജയിലിൽ തടവുകാർക്ക് ഭക്ഷണം ലഭിക്കാതായതായ സംഭവം**

3546 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിൽ മൂന്നുദിവസം വൈദ്യുതിയും വെള്ളവും മുടങ്ങിയതിനെ തുടർന്ന് തടവുകാർക്ക് ഭക്ഷണം ലഭിക്കാതായ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വനിതാ തടവുകാര്‍ക്കായി തുറന്ന ജയില്‍</u>

3547 **ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വനിതാ തടവുകാര്‍ക്കായി തുറന്ന ജയില്‍ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ആയത് എവിടെയാണ് സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
പി. കെ. മുരളീധരന്‍,
തിരുവനന്തപുരം സെക്രട്ടറി - ഇന്‍ - ചാര്‍ജ്
2012 ജൂണ്‍ 16.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.